Page 1 of 2

(ബി) കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് കാർഷിക സർവ്വകലാശാല നടത്തുന്ന കോഴ്സുകൾ വിപുലപ്പെടുത്തുന്നതിനും അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) കാർഷിക സർവ്വകലാശാലയിൽ ഗവേഷണത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേയ്ക്കുയർത്തുവാൻ പദ്ധതി

90 (4478) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേക്കുയർത്തുവാൻ പദ്ധതിയുണ്ടോ; ഗവേഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ കാർഷിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകൾക്ക് കരുത്ത് പകരുന്നതരത്തിൽ ദിശാബോധത്തോടെയുള്ളവ കൂടിയാക്കുന്നതിനുവേണ്ട നിർദ്ദേശം നൽകാൻ കഴിയുമോ;

(ബി) സർവ്വകലാശാലകളിൽ ഓട്ടോണോമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ സ്ഥാപിച്ച് ഗവേഷണ പഠന പ്രവർത്തനങ്ങളിൽ മികവ് സൃഷ്ടിക്കാനുദ്ദേശിക്കുന്നുണ്ടോ;

&

(സി) ഗവേഷണ പരിപോഷണാർത്ഥം ലൈബ്രറികളും ലബോറട്ടറികളും ആധുനിക സൗകര്യങ്ങളോടെ വികസിപ്പിക്കാൻ പരിപാടിയുണ്ടോ?

(എ-സി) ഗവേഷണ കോഴ്സുകളായ എം.ഫിൽ./പിഎച്ച്.ഡി. എന്നിവ സംബന്ധിച്ചുള്ള അക്കാദമികവും മറ്റുമായ കാര്യങ്ങൾ UGC (Minimum Standards and Procedure for Award of M.Phil./Ph.D. Degrees) Regulations 2016-ന് അനുസൃതമായിരിക്കണം. ഇതിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലകൾ ഗവേഷണ കോഴ്സുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നടത്തിപ്പും ആധുനികവത്ക്കരണവും സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. വിജ്ഞാന സമ്പദ്ഘടനയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഗവേഷണ പഠന പ്രവർത്തനങ്ങളിൽ മികവ് സൃഷ്ടിക്കാനുദ്ദേശിച്ചുകൊണ്ട് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രതിമാസം 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ ഫെലോഷിപ്പുള്ള 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾക്ക് രാജ്യത്തിനകത്തും പുറത്തുമുള്ള എല്ലാ വിദഗ്ധർക്കും അപേക്ഷിക്കാവുന്നതാണ്. കേരളത്തിന്റെ ഇന്നത്തെ വികസനാവശ്യങ്ങളുടെ പശ്ചാത്തലത്തിലുള്ള മേഖലകൾക്കാണ് മുൻഗണന നൽകുക.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങളും 1000 അദ്ധ്യാപകരുടെ നിയമനവും.

സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം.

അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പിന്നാക്കാവസ്ഥ

91 (4479) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിലും ഉൾനാടുകളിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പിന്നാക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാനസൗകര്യവും ഭൗതികസാഹചര്യങ്ങളുമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവമാണ് ഈ പിന്നാക്കാവസ്ഥയ്ക്ക് കാരണമെന്നത് പരിശോധിക്കുമോ;

&

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ?

(എ-സി) ഉണ്ട്. ഗ്രാമപ്രദേശങ്ങളിലും ഉൾനാടുകളിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി ഈ പ്രദേശങ്ങളിൽ സർക്കാർ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പിന്നാക്കാവസ്ഥകൂടി കണക്കാക്കി കാലാകാലങ്ങളിൽ സർക്കാർ പിന്നാക്ക മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസ